പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.7324 16.07.2012-ൽ മറുപടിക്ക്

## കുണ്ടുചിറ അണക്കെട്ട് പാലത്തിന്റെ അപ്രോച്ച് റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). തലശ്ശേരി അസംബ്ളി മണ്ഡലത്തിലെ കുണ്ടുചിറ അണക്കെട്ട് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി അക്വയർ ചെയ്യുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; | തലശ്ശേരി അസംബ്ളി മണ്ഡലത്തിലെ കുണ്ടുചിറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി ജി.ഒ.(ആർ.റ്റി.) നമ്പർ. 416/ 2011/ പി.ഡബ്ള്യൂ.ഡി., തീയതി 01.03.11 പ്രകാരം സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ട്. |
| (ബി). പ്രസ്തുത ഉത്തരവ് പ്രകാരം ഭൂമി അക്വയർ ചെയ്യുന്നതിന് തടസ്സം സംഭവിച്ചിട്ടുണ്ടോ; | പ്രസ്തുത ഉത്തരവ് പ്രകാരം ഭൂമി അക്വയർ ചെയ്യുന്നതിന് തടസ്സം സംഭവിച്ചിട്ടുണ്ട്. |
| (സി). എങ്കിൽ തടസ്സവാദം പരിഹരിച്ച് പുതിയ ഉത്തരവ് ഇറക്കുന്നതിന് തയ്യാറാകുമോ; | കുണ്ടുചിറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും, ഏത് ചട്ടങ്ങൾക്കനുസരിച്ചാണ് ഭൂമി ഏറ്റെടുക്കേണ്ടത് എന്ന് പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവിലെ 1894-ലെ പൊന്നുംവില ആക്റ്റിലെ സെക്ഷൻ 4(1)പ്രകാരവും 17(4) പ്രകാരവും അടിയന്തിര ഖണ്ഡത്തിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥയോട് കൂടിയ പരിഷ്കരിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിരുന്നു. അതനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുമ്പോൾ, സർക്കാർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ |

ഉത്തരവ് (എം.എസ്.) നമ്പർ.419/2011/ ആർ.ഡി. തീയതി: 15.11.2011 (റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് പാക്കേജ് ) പുറപ്പെടുവിച്ചതിനാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കണ്ണൂർ എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ബന്ധപ്പെട്ട ഫയൽ സർക്കാരിന്റെ പക്കലുണ്ടോ; | (ഡി). | ഇല്ല. |
| എങ്കിൽ പുതിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഇ). | ബാധകമല്ല. |

Salitha

**സെക്ഷൻ ഓഫീസർ**